**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 442 — 19.10.2011-ലെ മറുപടിയ്ക്ക്

## ഭക്ഷ്യ വസ്തുക്കൾക്ക് സബ്സിഡി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ<br>,, ജി. സുധാകരൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, ബി. സത്യൻ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡറേഷൻ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്ക് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങൾക്ക്; | (എ) കൺസ്യൂമർ ഫെഡറേഷൻ വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കൾക്ക് സർക്കാർ സബ്സിഡി നൽകുന്നില്ല. എന്നാൽ സർക്കാരിന്റെ പൊതു വിപണി ഇടപെടൽ സംരംഭങ്ങളുടെ ഭാഗമായി കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നടത്തുന്ന ഉത്സവകാല വിപണിയിൽ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിൽപന നടത്തുന്നതിലൂടെ കൺസ്യൂമർ ഫെഡറേഷനുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് താഴെപ്പറയുന്ന ഇനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ട്.<br>1. ചെറുപയർ<br>2. ചെറുപയർ പരിപ്പ് |

3. വൻകടല
4. ഉഴുന്ന് (ബോൾ)
5. വൻപയർ
6. തുവരപരിപ്പ്
7. പീസ് പരിപ്പ്
8. കടുക്
9. മുളക്
10. മല്ലി
11. ഉലുവ
12. ജീരകം
13. ചെറുകടല

| | | | |
|---|---|---|---|
| (ബി) | സംഭരിക്കുന്ന ഭക്ഷ്യവസ്തുക്കൾ എത്രശതമാനം മാർജിനോടുകൂടിയാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ദൈനംദിന വ്യാപാര പ്രവർത്തനത്തിൽ ശരാശരി 5% മാർജിനോടു കൂടിയാണ് ഭക്ഷ്യ വസ്തുക്കൾ കൺസ്യൂമർ ഫെഡറേഷന്റെ യൂണിറ്റുകളിലൂടെ വിൽപ്പന നടത്തുന്നത്. |
| (സി) | എന്തെല്ലാം ഭക്ഷ്യവസ്തുക്കളാണ് ഉൽപാദനകേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് സംഭരിക്കുന്നത്; ഇടനിലക്കാർ വഴി ഏതെങ്കിലും ഭക്ഷ്യവസ്തുക്കൾ സംഭരിക്കുന്നുണ്ടോ? | (സി) | പഞ്ചസാര മാത്രമാണ് ഉൽപ്പാദക മില്ലുകളിൽ നിന്നും നേരിട്ട് സംഭരിക്കുന്നത്. മറ്റു ഭക്ഷ്യ വസ്തുക്കൾ മുൻകാലങ്ങളിലെപ്പോലെ ടെൻഡർ അടിസ്ഥാനത്തിൽ സംഭരിക്കുന്നു. |

സെക്ഷൻ ഓഫീസർ